LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനമദ്ധ്യേ മരണപ്പെട്ട പയസ്സിന്റെ ആശ്രിതർക്ക് ആനുകൂല്യങ്ങൾ

94 [1897] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പടപ്പക്കര ശിങ്കാരപ്പള്ളി സ്വദേശി പയസ് എന്നയാൾ കൊച്ചി കായലിൽ മത്സ്യബന്ധനം നടത്തവേ 2001-ൽ മരണപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇദ്ദേഹം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിരുന്നുവോ;

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയനുസരിച്ച് അവയവങ്ങൾക്ക് പൂർണ്ണമായും കേടുപാടുവരുകയോ മരിക്കുകയോ ചെയ്യുന്നവർക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ടായിരുന്നുവോ; ഇതനുസരിച്ച് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കേ രണ്ട് കണ്ണുകളും തകർന്ന് മരിച്ച പയസ്സിന്റെ ഭാര്യയ്ക്ക് ആനുകൂല്യം നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗമായിരുന്നു.

(സി) അപകടംമൂലം മരണമോ സ്ഥിരവും പൂർണ്ണവുമായ അവശതയോ സംഭവിക്കുന്നവർക്ക് ആനുകൂല്യം നിബന്ധനകൾക്കു വിധേയമായി ലഭിക്കുന്നതാണ്. പയസ്സിന്റെ മരണം സംബന്ധിച്ച് ഇൻഷ്വറൻസ് ആനുകൂല്യത്തിനായി ശുപാർശ ചെയ്തുകൊണ്ട് നാഷണൽ ഇൻഷ്വറൻസ് കമ്പനിക്ക് അപേക്ഷ അയച്ചിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ട രേഖകൾ സമർപ്പിക്കാൻ ആശ്രിതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ വിദേശ മത്സ്യബന്ധന ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്ന നടപടി

95 [1898] ശ്രീ. വി. ഡി. സതീശൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗതൻ:
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ അറബിക്കടലിൽ കേരളതീരത്തുനിന്ന് എത്ര അകലെവരെയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സോണിനകത്ത് വിദേശ മത്സ്യബന്ധന ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്ന് അറിയിക്കുമോ;